സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് സെക്രട്ടറിയുടെ നടപടി ഉത്തരവ്.

(സാന്നിദ്ധ്യം: വി.എസ്.ജയകുമാർ)

<u>സംഗ്രഹം</u>

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ 2013-14, 2014-15, എന്നീ വർഷങ്ങളിലെ വാർഷിക കണക്കുകൾ ഹാജരാക്കുന്നത് സംബന്ധിച്ച്

---

ഉത്തരവ് നമ്പർ ROC. 2573/03/Est. 1. നന്തൻകോട് 11 -03-2016

---

പരാമർശം:- 1) 19-01-2016 ലെ മേൽ നമ്പർ ഉത്തരവ്

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അധീനതയിലുള്ള ഗ്രൂപ്പാഫീസുകളിലെയും മറ്റ് ആഫിസുകളിലേയും 2013-14, 2014-15, എന്നീ വർഷങ്ങളിലെ വാർഷിക കണക്കുകൾ ഡബിൾ എൻട്രി സിസ്റ്റത്തിൽ തയ്യാറാക്കി 31-01-2016 നകം ദേവസ്വം അക്കൗണ്ട്സ് ആഫീസിൽ എത്തിച്ചതിനുശേഷം മാത്രമേ ആഫീസ് മേധാവി മുതൽ ഹെഡ്ക്ളാർക്ക് കേഡർ വരെയുള്ളവരുടെ ഫെബ്രുവരി മാസം മുതലുള്ള ശമ്പളം ചെലവെഴുതാൻ പാടുള്ളൂവെന്ന് നിർദ്ദേശിച്ച് ഉത്തരവ് പുറപ്പെടുവിച്ചു (പരാമർശം 1)

എല്ലാ വിഭാഗം ജീവനക്കാർക്കും ഫെബ്രുവരി മാസത്തിലെ ശമ്പളത്തിനോടൊപ്പം ഇൻകം ടാക്സ് പേമെന്റ് നടത്തേണ്ടതുള്ളതിനാൽ ഫെബ്രുവരി മാസത്തെ ശമ്പളം തടഞ്ഞുകൊണ്ടുള്ള ഉത്തരവ് ഭേദഗതി ചെയ്ത് ഏപ്രിൽ മാസം മുതലുള്ള ശമ്പളം തടഞ്ഞുകൊണ്ട് ഉത്തരവാകുന്നു.

സമയപരിധിയ്ക്കുള്ളിൽ കണക്കുകൾ ഹാജരാക്കാതെ വീഴ്ച വരുത്തുന്നവർ സ്ഥലം മാറിപ്പോവുകയോ പ്രമോഷൻ ലഭിച്ച്പോവുകയോ ചെയ്താലും ടി കാലയളവിലെ കണക്കുകൾ ഹാജരാക്കിയ ശേഷമേ ഏപ്രിൽ മാസം മുതലുള്ള ശമ്പളം ചെലവെഴുതാൻ പാടുള്ളൂ എന്ന് നിർദ്ദേശിച്ചും ബോർഡുത്തരവാകുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി

സെക്രട്ടറി

പകർപ്പ്

1. എല്ലാ ഡിപ്പാർട്ട്മെന്റ്/ഓഫീസ് മേധാവികൾക്കും
2. ഇഡിപി സെക്ഷൻ
3. സെക്ഷൻ ഫയൽ
4. ഫയൽ ബുക്ക്
5. ഫെയർ ഓഫീസ് കോപ്പി

ഇ.ഡി.പി. വിഭാഗം